# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1142 04.02.2019 ൽ മറുപടിക്ക്**

**കെ. സി. പാലത്തിന്റെ പുനർനിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ആലപ്പുഴ - ചങ്ങനാശ്ശേരി ദേശീയ ജലപാതയിൽ കിടങ്ങറ ഭാഗത്തുള്ള കെ.സി. പാലത്തിന്റെ ഉയരക്കുറവ് മൂലം യാത്രാബോട്ടുകളും ടൂറിസ്റ്റ് ബോട്ടുകളും കടന്നുപോകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | കഴിഞ്ഞ പ്രളയകാലത്ത് കുട്ടനാട്ടിലുള്ള ജനങ്ങൾക്ക് ഇതുവഴി ചങ്ങനാശ്ശേരിയിൽ എത്താൻ കഴിഞ്ഞില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | ഈ തോട് ദേശീയ ജലപാതയാക്കിയതിനാൽ പാലത്തിന്റെ ഡിസൈനും നിർമ്മാണവും സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ നല്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | സി) | നൽകിയിട്ടുണ്ട്. |
| ഡി) | എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | ഡി) | ആലപ്പുഴ – ചങ്ങനാശ്ശേരി കനാൽ 2016 ൽ ദേശീയജലപാതാനമ്പർ.8 ആയി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ഈ ജലപാതയിൽ സ്ഥിതിചെയ്യുന്ന കെ.സി.പാലം ദേശീയപാത അതോറിറ്റിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുനർനിർമ്മിക്കണമെന്ന് (IWAI -യുടെ എറണാകുളം മരടിലുള്ള റീജിയണൽ ഓഫീസിൽ നിന്നും 29.09.2018 ലെ IWAI/COCL/1/(125)/2018/708-ാം നമ്പർ കത്ത് |

| | | | |
|---|---|---|---|
| | | | പ്രകാരം) ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഇ) | ഈ പാലത്തിന്റെ പുനർനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഇ) | ദേശീയ ജലപാതാഅതോറിറ്റിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പൊതുമരാമത്ത് ഡിസൈൻ വിഭാഗം കെ.സി.പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയതിനെ തുടർന്ന് PRICE ID No.2019/17 പ്രകാരം 39 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ